## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ: 7911

23/07/2012 – ൽ മറുപടിയ്ക്ക്

## തടവുകാർക്ക് സൗജന്യ നിയമ സഹായം

ചോദ്യം

ശ്രീമതി. കെ. എസ്. സലീഖ

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ജയിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാർക്ക് സൗജന്യ നിയമ സഹായം ലഭിക്കണമെങ്കിൽ അഭിഭാഷകനുമായി കൂടിക്കാഴ്ചയ്ക്ക് അവസരമുണ്ടാക്കണമെന്ന ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ ; | (ബി) 12-04-2012 തീയതിയിലെ ബഹു.കേരള ഹൈക്കോടതിയുടെ **CRL.MA No.1474/2012** എന്ന ഉത്തരവനുസരിച്ച് ബഹു. ഹൈക്കോടതി ചട്ടം, റൂൾ 183 അനുസരിച്ച് തടവുകാർക്ക് നിയമസഹായം നൽകുന്നതിനായി നിയോഗിച്ചിട്ടുളള അഭിഭാഷകർക്ക് തടവുകാരെ കാണുന്നതിനും കേസ്സുമായി ബന്ധപ്പെട്ട് തടവുകാർ നൽകുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനുമുളള അവസരം ഉറപ്പാക്കണമെന്നും ഇക്കാര്യത്തിനായി അഭിഭാഷകർക്ക് ജയിൽ സന്ദർശിക്കാവുന്നതാണെന്നും ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ, അപ്രകാരം നിയോഗിക്കപ്പെട്ട അഭിഭാഷകർക്ക് തടവുകാരുമായി കൂടിക്കാഴ്ച നടത്തുന്നതിനും കേസ്സ് സംബന്ധമായി വിവരങ്ങൾ ശേഖരിക്കുന്നതിന് സാധ്യമായ അവസരങ്ങൾ നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കോടതി നിർദ്ദേശമനുസരിച്ച് |

| | |
|---|---|
| | നിയോഗിക്കപ്പെട്ട അഭിഭാഷകർ ജയിൽ സന്ദർശിച്ച് ബന്ധപ്പെട്ട തടവുകാരുമായി കൂടിക്കാഴ്ച നടത്തുന്നതിന് എല്ലാ സൗകര്യങ്ങളും നൽകിവരുന്നു. സ്വന്തമായി അഭിഭാഷകരെ ഏർപ്പെടുത്താൻ കഴിവില്ലാത്ത തടവുകാർക്ക് അതാത് താലൂക്ക് ലീഗൽ സർവ്വീസസ് അതോറിറ്റി മുഖാന്തിരം നിയമസഹായവും അഭിഭാഷകന്റെ സേവനവും ലഭ്യമാകുന്നുണ്ട്. സംസ്ഥാനത്തെ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ 24 ജയിലുകളിൽ നിയമസഹായ ക്ളിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഇതിനോടനുബന്ധിച്ച് തടവുകാർക്ക് സൗജന്യ നിയമോപദേശവും, നിയമബോധവൽക്കരണവും, അവരുടെ നിയമപ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിനാവശ്യമായ സഹായവും അഭിഭാഷകർ മുഖാന്തിരം നൽകി വരുന്നു. |
| (സി) ജയിൽ നിയമം അനുശാസിക്കുന്ന രീതിയിൽ മനഃപരിവർത്തനത്തിലൂടെ ശിക്ഷാ തടവുകാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (സി) ജയിൽ നിയമം അനുശാസിക്കുന്ന രീതിയിൽ മനഃപരിവർത്തനത്തിലൂടെ ശിക്ഷാത്തടവുകാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ശിക്ഷാത്തടവുകാരെ പാർപ്പിച്ചിട്ടുള്ള ജയിലുകളിൽ ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തടവുകാർക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നൽകുക, വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ളാസ്സുകൾ നടത്തുക, മതപരവും ധാർമ്മികവുമായ ബോധന ക്ളാസ്സുകൾ എന്നിവ ചെയ്തുവരുന്നുണ്ട്. കൂടാതെ തടവുകാരുടെ മനഃപരിവർത്തനത്തിന് സഹായിക്കുന്ന രീതിയിലുള്ള അന്തരീക്ഷം ജയിലുകളിൽ ഉണ്ടാക്കുന്നതിനായി തടവുകാർക്ക് വിനോദത്തിനുള്ള അവസരങ്ങളും അറിവ് വർദ്ധിപ്പിക്കുന്നതിനായി |

| | |
|---|---|
| | ലൈബ്രറി സൗകര്യങ്ങളും പഠിക്കാനാഗ്രഹമുള്ള തടവുകാർക്ക് ജയിലിൽ പഠനം നടത്തുന്നതിനുള്ള സഹായങ്ങളും നൽകിവരുന്നുണ്ട്. മേൽപ്പറഞ്ഞ രീതിയിലുള്ള പദ്ധതികൾ കൂടുതലായി ജയിലുകളിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ജയിലുകളിൽ പുതിയ തൊഴിൽ പരിശീലന പദ്ധതികളായ കാറ്ററിംഗ് യൂണിറ്റ്, കെട്ടിടനിർമ്മാണ പരിശീലനം, സിമന്റ് ഇഷ്ടിക നിർമ്മാണ പരിശീലനം തുടങ്ങിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ഡി) ജയിൽ ശിക്ഷ അനുഭവിക്കുന്ന ചില തടവുകാരുടെ ഭാര്യമാരെ ജയിൽ ഡ്യൂട്ടിയിലുള്ള പോലീസുകാർ പ്രലോഭിപ്പിച്ച് ചൂഷണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടുത്ത സമയത്ത് തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാരന്റെ ഭാര്യയുമായി ഒളിച്ചോടിയ പോലീസുകാരനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരത്തിലുള്ള പോലീസുകാരെയും ഇവർക്ക് ഒത്താശ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെയും സർക്കാർ എന്തൊക്കെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (ഡി) യും (ഇ)യും<br><br>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) ഇത്തരം അച്ചടക്ക ലംഘനം നടത്തുന്ന പോലീസുകാർക്കെതിരെയും അതിന് കൂട്ടുനില്ക്കുന്ന മറ്റ് ഉദ്യോഗസ്ഥർക്കെതിരെയും എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ